പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2593 | 12.03.2018 ൽ മറുപടിക്ക്

## റെയിൽവേ വികസനത്തിനായി പുതിയപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>,, എൻ. എ. നെല്ലിക്കുന്ന്<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. ടി. വി. ഇബ്രാഹിം | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായി കേരള റെയിൽവേ വികസന കോർപ്പറേഷൻ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ, | (എ) സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ താഴെ പറയുന്ന നാല് പദ്ധതികളുടെ സാദ്ധ്യതാ പഠനം നടത്തുകയും ആയതിന്റെ അംഗീകാരത്തിനായി റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ചെയ്തു.<br>1. തലശ്ശേരി - മൈസൂർ ബ്രോഡ് ഗേജ് പാത<br>2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ<br>3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി<br>4. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ് ഗേജ് ലൈൻ. |
| (ബി) എങ്കിൽ പുതുതായി ആരംഭിക്കേണ്ട റെയിൽവേ പദ്ധതികളുടെ മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ചുവടെ ചേർക്കുന്ന ക്രമമനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>1. തലശ്ശേരി - മൈസൂർ ബ്രോഡ് ഗേജ് പാത<br>2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ<br>3. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം - തിരുവനന്തപുരം - ചെങ്ങന്നൂർ<br>4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി |

| | | |
|---|---|---|
| (സി) | ഷൊർണ്ണൂർ - നിലമ്പൂർ പാതയുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) ഷൊർണ്ണൂർ - നിലമ്പൂർ പാതയുടെ വികസനത്തിനായി നിലവിൽ കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ പദ്ധതികളൊന്നും ഇതു വരെ ആവിഷ്കരിച്ചിട്ടില്ല. പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ